# പുസ്തക സംസ്കാരം

ഡോ: കെ. ഭാസ്കരൻ നായർ

**ലോ**കത്തിൽ ആകെയുള്ള അറിവിന്റെ അളവ് പത്തുവർഷംകൊണ്ട് ഇരട്ടിക്കുന്ന വിജ്ഞാനപുരോഗതിയാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നു പറയുന്നു. ഇതു് മുഴുവനും പുസ്തകങ്ങളായും ഗവേഷണപ്രബന്ധങ്ങളായും അച്ചടിച്ച് മനുഷ്യരാശിയുടെമുമ്പിൽ കുന്നുകൂടികൊണ്ടിരിക്കുകയാണ്, പലപലരാജ്യങ്ങളിൽ, എത്രയോ ഭാഷകളിൽ. ഇതിന്റെ ഒരു ചെറിയ അംശമെങ്കിലും അവധാരണം ചെയ്ത് അറിവുള്ളതായി ജീവിക്കുക എന്നതു് മിക്കവാറും അസാധ്യമായിതീർന്നിരിക്കുന്നു. ഇന്നത്തെ ചുററുപാടുകളിൽ ഒരു ആയുഷ്കാലത്തിനുള്ളിൽ ഒരു മനുഷ്യന്ന് വായിച്ചുതീർക്കാവുന്ന പുസ്തകങ്ങളുടെ എണ്ണം വളരെ ചെറുതാണ്. ഊർജസ്വലന്മാരായ പത്രാധിപന്മാരും ഗ്രന്ഥനിരൂപകന്മാരും ചിലപ്പോൾ നാല് പുസ്തകങ്ങൾവരെ ഒരു ദിവസത്തിന്നുള്ളിൽ ''മറിച്ചുനോക്കി'' അവയെകുറിച്ചുള്ള അഭിപ്രായം പറയാറുണ്ടെന്ന് ഒരു അമേരിക്കക്കാരൻ എഴുതിയിരുന്നതോർക്കുന്നു. അതായത് [illegible] മാസം കൊണ്ട് ആയിരം പുസ്തകങ്ങൾ! (അവധി ദിവസങ്ങൾ ഒഴിച്ചുനിർത്തണമല്ലൊ) ഇത് വായനയും എഴുത്തും നിത്യതൊഴിലാക്കി, അതുകൊണ്ട്തന്നെ ഉന്നതനിലയിലുള്ള ജീവിതം നയിക്കുന്നതിന്നുതകുന്ന ആദായമുണ്ടാക്കുന്ന ആളുകളുടെ കാര്യമാണ്. പുസ്തകങ്ങളുടെ നല്ലതില്ലും നോക്കി പകതിരിച്ച്, അവയുടെ പൊതുസ്വഭാവങ്ങളും പ്രതിപാദ്യവും പ്രതിപാദനരീതിയും ഭാഷയുടെ ഗുണദോഷങ്ങളും ചൂണ്ടിക്കാണിക്കണം എന്നു മാത്രമേ അവർക്ക് ഉദ്ദേശമുള്ളു. പക്ഷെ പുസ്തകങ്ങൾ ശ്രദ്ധിച്ചുവായിച്ച് അവയിൽ പറയുന്ന കാര്യങ്ങൾ വിവേചന ബുദ്ധിയോടെ പരിശോധിച്ച്, ഗ്രഹിക്കേണ്ടവഗ്രഹിച്ച് സ്വന്തം അറിവിന്റെ ഭാഗമാക്കി പ്രയോജനം നേടുവാൻ ശ്രമിക്കുന്നവർക്ക് ഇത്രത്തോളമൊന്നും കൈകാര്യം ചെയ്യാൻ സാധിക്കുകയില്ല. മററു ബദ്ധപ്പാടുകളില്ലാതെ, ബുദ്ധിപരമായ തൊഴിലിൽ ഏർപ്പെട്ട്, ഏതെങ്കിലും ഒരു വിഷയം പഠിക്കുകയോ ചെയ്യുന്ന വിദ്യാസമ്പന്നന്ന് ഒരാഴ്ചകൊണ്ട് രണ്ടുനാലു പുസ്തകങ്ങളിൽ കൂടുതൽ വായിച്ചുതീർക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അങ്ങിനെ ഒരു വർഷത്തിൽ ശരാശരി 160 പുസ്തകങ്ങൾ വായിക്കാമെന്ന് സങ്കല്പിക്കുക. ഇത്തരക്കാരനും, ഇന്നത്തെ നിലയിൽ ഭാഗ്യവാനെന്നും, ബുദ്ധിജീവിയെന്നും പറയേണ്ടവനുമായ മനുഷ്യൻ 50 വർഷത്തെ ജോലിക്കാലത്തിനിടയ്ക്ക് ഇക്കണക്കിൽ, എണ്ണായിരം പുസ്തകങ്ങൾ വായിക്കുമെന്ന് സാമാന്യമായി പറയാം.

ഇത്രയും സാധിക്കുന്നവരെത്തന്നെ വെറും പുസ്തകപ്പുഴുക്കളായിയ ലോകം കണക്കാക്കുകയുള്ളു. എന്നാലും അവരെയാണ് സാധാരണയായി അറിവുള്ളവരെന്നും, പണ്ഡിതന്മാരെന്നും വിളിക്കുന്നത്. അവരില്ലെങ്കിൽ മനുഷ്യവർഗ്ഗം മൃഗങ്ങളുടെ നിലയിലേക്ക് അധഃപ്പതിക്കും. അവരാണ് സംസ്കാരത്തെ നിലനിർത്തുന്നത്! വെറും ഉദരപൂരണത്തേക്കാൾ എത്രയോ കാമ്യമായ ചില ലക്ഷ്യങ്ങളും ഈ ജീവിതത്തിലുണ്ടെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. അതു നിൽക്കട്ടെ. ഇന്നത്തെ പുസ്തക പ്രപഞ്ചത്തിൽ, ഇങ്ങിനെയുള്ള പുസ്തകപ്പുഴുക്കളായ പണ്ഡിതന്മാർക്ക് അകത്താക്കുവാൻ കഴിയുന്ന അറിവിന്റെ പരിധിയോർക്കുമ്പോൾ ആർക്കും അങ്ങേയററത്തെ നിരാശതോന്നും. ലോകത്തിലെ എല്ലാ ഗ്രന്ഥാലയങ്ങളിലും കൂടി 2—3 കോടിഭിന്ന ശീർഷകങ്ങളിലുള്ള പുസ്തകങ്ങളുണ്ടെന്നാണ് അനുമാനിച്ചിരിക്കുന്നത്. നൂറു ലക്ഷങ്ങൾ ചേർന്നതാണ് ഒരു കോടിയെന്ന് ഈ സന്ദർഭത്തിൽ ഓർമ്മിക്കണം. അമേരിക്കയിലെ ''ലൈബ്രറി ഓഫ് കോൺഗ്രസ്'' (വാഷിങ്ടൺ) ലണ്ടനിലെ 'ബ്രിട്ടീഷ് മ്യൂസിയം' മോസ്കോയിലെ കേന്ദ്ര യു. എസ്. എസ്. ആർ ലൈബ്രറി, പാരീസ്സിലെ ''ബിബ്ലിയോതീക്ക്'' എന്നിവയാണ് ലോകത്തിലെ ഏററവും വലിയ ഗ്രന്ഥശേഖരങ്ങൾ. ഇവയിലൊന്നിലും ഇപ്പറഞ്ഞ ഇരുനൂറോ, മുന്നൂറോ ലക്ഷം ഗ്രന്ഥങ്ങൾ മുഴുവനും ഇല്ല. പകുതിപോലും ഉണ്ടോ എന്ന് സംശയമാണ്. നൂറുലക്ഷം പുസ്തകങ്ങൾ അടുക്കിവെക്കണമെങ്കിൽ എത്ര മൈൽ നീളമുള്ള ഷെൽഫുകൾ വേണമെന്ന് ആലോചിച്ചുനോക്കുക! ഈ പുസ്തകപ്രളയത്തിൽ നിന്ന് വെറും എണ്ണായിരമെണ്ണം മാത്രമാണ് ഒരു മനുഷ്യന്ന് തന്റെ ആയുഷ്കാലം മുഴുവനും വിനിയോഗിച്ചാലും വായിച്ചുതീർക്കുവാൻ സാധിക്കുന്നത്!

വിജ്ഞാനത്തിന്റെ വിസ്ഫോടനം ഇന്നത്തെ രീതിയിൽ തുടർന്നുപോയാൽ വായിക്കുവാനെന്നല്ല, പുസ്തകങ്ങളായി അതു മുഴുവനും ശേഖരിച്ചുവെക്കുവാനും സാധ്യമല്ലാതെ വരുമെന്ന് ഇക്കാര്യത്തെപ്പററി ചിന്തിച്ചിട്ടുള്ളവർ ഭയപ്പെട്ടു തുടങ്ങിയിരിക്കുകയാണ്. കടലാസ്സിന് ലോകമാകെ അതിഭയങ്കരമായ ദുർഭിക്ഷം ഉണ്ടായിരിക്കുന്നു. പെട്രോളും, ഖനിയെണ്ണകളും പോലെ എടുക്കും തോറും തീർന്നുപോകുന്ന പ്രകൃതി നിക്ഷേപങ്ങൾ ഉപയോഗിച്ചല്ല കടലാസ്സുണ്ടാക്കുന്നതെങ്കിലും അതിന്നുവേണ്ട അസംസ്കൃത വസ്തുക്കൾ നൽകുന്ന വന



Digitized by Kerala Sahitya Akademi

ത്‌ലങ്ങൾ അതിശീഘ്രം ഇല്ലാതാവുകയാണ്. ഒരു വൃക്ഷം വളർന്ന് ഉപയോഗ്യമായിത്തീരണമെങ്കിൽ അൻപതുവർഷം വേണം. കാടുകൾ തെളിച്ച് വെട്ടിയെടുക്കുന്ന തോതിനൊന്നും ഒരു രാജ്യത്തും വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നില്ല. ഇങ്ങിനെ മുന്നോട്ട് പോയാൽ ഒരു നൂററാണ്ടുകൂടി കഴിയുമ്പോൾ ഭൂമിയിൽ മരംതന്നെ കിട്ടാനില്ലെന്നാകും. അതിനും മുമ്പുതന്നെ പുസ്തകസംസ്കാരവും കടലാസ്സുയുഗവും അസ്തമിച്ചേക്കുമെന്ന് ഭയപ്പെടുന്നവരും ഇല്ലാതില്ല.

പക്ഷെ കടലാസ്സില്ലെങ്കിലും അക്ഷരവിദ്യയിലൂടെ സംഭരിക്കുന്ന വിജ്ഞാനത്തെ സംരക്ഷിക്കാമെന്ന് ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. 50-100 ആങ്ഗ്സ്ട്രം (ഒരു മില്ലിമീററിന്റെ ഒരു കോടിയിൽ ഒരംശമായ അളവ്) വണ്ണമുള്ള ഇലക്ട്രോൺ രശ്മി ഉപയോഗിച്ച് ഒരു ലോഹത്തകിടിൽ 300-500 ആങ്ഗ്സ്ട്രം ഉയരമുള്ള അക്ഷരങ്ങൾ ആലേഖനം ചെയ്യാൻ സാധിക്കുമെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നു. ഒരു മൊട്ടുസൂചിയുടെ കടയിൽ (ഒരു ചതുരശ്ര മില്ലീമീററർ സ്ഥലത്ത്) 500 പേജ് വീതമുള്ള ആയിരം പുസ്തകങ്ങൾ ഈ വിദ്യകൊണ്ട് പകർത്തുവാൻ കഴിയും. അങ്ങിനെയാണെങ്കിൽ ഒരു സാധാരണ കടലാസ്സുതാളിന്റെ വിസ്താരമുള്ള ലോഹത്തകിടിൽ ലോകത്തിൽ ആകെ ഭിന്ന ശീർഷകങ്ങളിലുള്ള 2-3 കോടി ഗ്രന്ഥങ്ങൾ മുഴുവനും രേഖപ്പെടുത്താവുന്നതാണ്. ഇങ്ങിനെ പരമാണുപ്രായത്തിൽ രേഖപ്പെടുത്തിയ അറിവ് ആവശ്യാനുസരണം വീണ്ടെടുത്ത് മനുഷ്യനേത്രങ്ങൾക്ക് ഗോചരമാക്കുവാനുള്ള വിദ്യകളും ഉണ്ട്. ഇങ്ങിനെയുള്ള പുതുവിദ്യകൾകൊണ്ടുമാത്രമേ ഭാവിയിൽ പുസ്തകസംസ്കാരത്തെ നിലനിർത്തുവാൻ സാധിക്കുകയുള്ളു എന്നാണ് തോന്നുന്നത്. ഒരു പക്ഷെ, ഓരോ മനുഷ്യന്റെ കീശയിലും ഈ പുസ്തകപ്രപഞ്ചം മുഴുവനും സൂക്ഷിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായേക്കാം. എന്നാലും അതുകൊണ്ട് ഒന്നുമായില്ല. പുസ്തകങ്ങളിലുള്ളത് മനസ്സിൽ കടക്കണം. അതിന്റെ പരിമിതികളാണ് ആദ്യം സൂചിപ്പിച്ചത്.

*Please Visit*

**Phone: 4040**

teepee studio

**Near Chamber Hall**

**CANNANORE-670002.**

*Specialists in*

*Wedding Photos Flash Photos*

*Out Door Groups & Function Photos*



Digitized by Kerala Sahitya Akademi